ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ ശ്മശാനങ്ങൾ

8 (*698) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പഞ്ചായത്തുകളിൽ ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ ശ്മശാനങ്ങൾ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഇതിന്റെ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്. മിഷൻ 676 പദ്ധതിയിലുൾപ്പെടുത്തി 6 ഗ്രാമ പഞ്ചായത്തുകളിൽ മാതൃകാ വാതക ഇന്ധന ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 10 ഗ്രാമപഞ്ചായത്തുകളിലാണ് ആധുനിക രീതിയിലുള്ള പൊതുശ്മശാനങ്ങളുള്ളത്.

(ബി) ഓരോ ഗ്രാമപഞ്ചായത്തിലും പൊതുശ്മശാനം നിർമ്മിക്കുകവഴി മൃതശരീരങ്ങൾ മാന്യമായി സംസ്കരിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയെടുക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടും പൊതുജനങ്ങളുടെ എതിർപ്പുമാണ് പൊതുശ്മശാന നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് എല്ലാ വിധത്തിലുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകുന്നുണ്ട്. 24-2-2014-ലെ സ.ഉ. (സാധാ.) നമ്പർ 509/14/ത.സ്വ.വ. പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വാതക ഇന്ധനത്തിലേക്ക് മാറ്റുന്നതിനും ഓരോ ഗ്രാമപഞ്ചായത്തിനും ശ്മശാനം നിർമ്മിക്കുന്നതിനും 2014-15 വർഷത്തിൽ സർക്കാർ ധനസഹായം 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചും ഇതേ ആവശ്യത്തിനായി കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിൽനിന്ന് 10 ലക്ഷം രൂപ കൂടി വിനിയോഗിക്കുന്നതിനും ശ്മശാന നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കാൻ ഭൂമിയുടെ ഫെയർ വാല്യുവിന്റെ 50 ശതമാനം തുക കൂടി നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ പൊതുശ്മശാന നിർമ്മാണ ധനസഹായമായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശ്മശാനങ്ങൾ നവീകരിച്ച് വാതക ഇന്ധനം ഉപയോഗിക്കുന്നതിനാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആധുനിക രീതിയിലുള്ള വൈദ്യുതി ശ്മശാനങ്ങളും വാതക ഇന്ധനം ഉപയോഗിച്ചുമുള്ള ശ്മശാനങ്ങളുമാണ് ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കാനുദ്ദേശിക്കുന്നത്. മൃതദേഹങ്ങൾ ശാസ്ത്രീയമായി ദഹിപ്പിക്കാനുള്ള സംവിധാനം ഒരുക്കിയെടുക്കുന്നതിനും മലിനീകരണമുണ്ടാക്കാത്ത രീതിയിൽ അവ ദഹിപ്പിക്കുന്നതിനും ഇതിലൂടെ സാധ്യമാകും.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ പൊതുശ്മശാന നിർമ്മാണ ധനസഹായമായി ഒരു ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപ വീതം 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മിഷൻ 676 പദ്ധതിയിലുൾപ്പെടുത്തി 5 ഗ്രാമ പഞ്ചായത്തുകളിൽ മാതൃകാ വാതക ഇന്ധന ശ്മശാനങ്ങൾ നിർമ്മിക്കുന്നതാണെന്ന് 30-4-2014-ലെ മന്ത്രിസഭാ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ കരിമണ്ണൂർ, കൂത്താട്ടുകുളം, കുണ്ടറ, മടവൂർ, പാവറട്ടി, മണലൂർ എന്നീ ഗ്രാമപഞ്ചായത്തുകളെ വാതക ഇന്ധന ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

വികസന ബ്ലോക്കുകളുടെ പുനഃക്രമീകരണം

9 (*699) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വികസനബ്ലോക്കുകൾ പുനഃക്രമീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) അർഹതപ്പെട്ട സ്ഥലങ്ങളിൽ കൂടുതൽ ബ്ലോക്ക് ഓഫീസുകൾ അനുവദിക്കുന്നതിനും അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഊർജ്ജിതമായ പരിപാടികൾ നടപ്പിലാക്കുന്നതിനുമായി എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുവാനും അതുവഴി ഗ്രാമപ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുമായി ഗ്രാമ വികസന ബ്ലോക്കുകൾ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രമപ്പെടുത്തുന്ന വിഷയം വിശദമായി പഠിച്ച് പഞ്ചായത്ത്രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly